ശ്രീ. എം. കെ. കൃഷ്ണൻ: ഹൈസ്കൂൾ പരിശീലനം ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ ആണോ? ഇപ്പോഴത്തന്നെ ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെന്റു നടത്തുന്ന പരിശീലനകേന്ദ്രങ്ങളുണ്ട്. അവയിൽനിന്ന് ട്രെയിനിംഗ് കിട്ടി പുറത്തുവരുന്നവർക്കു പണിയില്ല. ഹൈസ്കൂൾ ട്രെയിനിംഗ് കഴിഞ്ഞുവരുന്ന ആളുകളും അതുപോലെ കാത്തിരിക്കാനാണോ അതല്ല ആധുനിക വ്യവസായങ്ങളിൽ പണി കിട്ടത്തക്ക എന്തെങ്കിലും ട്രെയിനിങ്ങാണോ?

ശ്രീ. ഭാസ്കരൻ കാളാശ്ശേരി: ചില പ്രത്യേക ട്രേഡിൽ പരിശീലനം സിദ്ധിച്ച ഹരിജനങ്ങളില്ലാത്തതുകൊണ്ടാണ് ഹരിജനങ്ങൾക്കു കിട്ടേണ്ട പണി കിട്ടാതെ പോകുന്നത്. അങ്ങനെയുള്ള ട്രേഡുകളിൽ പരിശീലനം കൊടുത്തിട്ട് തൊഴിൽ കൊടുക്കാനുള്ള ഏർപ്പാടാണ് ഗവൺമെൻറ് ചെയ്തു കൊണ്ടിരിക്കുന്നത്.

ശ്രീ. എസ്. തങ്കപ്പൻപിള്ള: ഹരിജന ഗിരിജനക്ഷേമം ലാക്കാക്കി പുതിയ പദ്ധതികൾ സമാരംഭിക്കുന്നുവെന്നു പറഞ്ഞു. കഴിഞ്ഞ സാമ്പത്തികവർഷത്തിൽ, ഗവൺമെൻറംഗീകരിച്ച സ്ഥാപനങ്ങളിൽ പഠിച്ച പല ഹരിജന ഗിരിജന വിദ്യാർത്ഥികൾക്കും സ്റ്റൈപ്പെൻറോ മറ്റാനുകൂല്യങ്ങളോ കൊടുത്തിട്ടില്ലെന്ന് ആവലാതിയുണ്ടായിട്ടും നടപടി സ്വീകരിച്ചിട്ടില്ല. ആനുകൂല്യങ്ങൾ കൊടുക്കാൻ സത്വരനടപടി സ്വീകരിക്കുമോ?

ശ്രീ. ഭാസ്കരൻ കാളാശ്ശേരി: പരാതികൾ ലഭിച്ചിട്ടുണ്ട്. പരിഹരിക്കാൻ കർശനമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

എൻ. എച്ച്. 47

*45 [48] ശ്രീ. കെ. പി. നൂറുദ്ദീൻ:

,, സി. പി. ഗോവിന്ദൻ നമ്പ്യാർ:

,, കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ. എച്ച്. 47 ന്റെ പണി എപ്പോൾ പൂർത്തിയാക്കാൻ കഴിയും;

(ബി) കാലതാമസത്തിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(സി) നാഷണൽ ഹൈവേയിലെ എത്ര പാലങ്ങൾ ഇനിയും പൂർത്തിയാക്കേണ്ടതായിട്ടുണ്ട്?

മരാമത്തും സ്പോർട്സും വകുപ്പ് മന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ): (എ) നാഷണൽ ഹൈവേ സെൻട്രൽ സെക്ടർ സ്കീമാണ്. കേന്ദ്ര ഗവൺമെൻറാണ് ഇതിന്റെ ചെലവു വഹിക്കുന്നത്. ഈ ആവശ്യത്തിനു വേണ്ടി കേന്ദ്രസർക്കാർ തുക നീക്കിവയ്ക്കുന്നതനുസരിച്ച് പണി നടന്നു കൊണ്ടിരിക്കുകയാണ്. പണി എന്നത്തേക്കു പൂർത്തിയാക്കാൻ കഴിയുമെന്ന് ഖണ്ഡിതമായി പറയാൻ വിഷമമാണ്.

(ബി) പ്രധാനമായും കേന്ദ്രഗവൺമെൻറ് ഈ പണിക്കുവേണ്ടി അനുവദിക്കുന്ന തുകയുടെ അപര്യാപ്തതയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നാഷണൽ ഹൈവേ നമ്പർ 47-ൽ 8-ഉം നാഷണൽ ഹൈവേ നമ്പർ 17-ൽ 6-ഉം പാലങ്ങളുടെ പണി പൂർത്തിയാക്കേണ്ടതായിട്ടുണ്ട്.

ശ്രീ. കെ. പി. നൂറുദ്ദീൻ: കാലതാമസം വരാൻ ഒരു കാരണം കേന്ദ്ര ഗവൺമെൻറിൽനിന്നുള്ള സാമ്പത്തികസഹായത്തിൻെറ അപര്യാപ്തതയാണെന്നു ചൂണ്ടിക്കാണിച്ചു. എത്രയും വേഗം പൂർത്തിയാക്കാനാവശ്യമായ സാമ്പത്തികസഹായം ലഭിക്കുന്നതിനുവേണ്ടി ഈ ഗവൺമെൻറ് കേന്ദ്രഗവൺമെൻറിൻെറമേൽ എന്തെങ്കിലും സമ്മർദ്ദം ചെലുത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിൻെറ പ്രതികരണം എന്താണ്? ഈ റോഡിൻെറ പാലങ്ങളെക്കുറിച്ചും പറഞ്ഞു. ഏറ്റവും കൂടുതൽ ജനങ്ങളുടെ ഗതാഗതസൗകര്യത്തെ പ്രധാനമായി ബാധിക്കുന്ന വളപട്ടണം പാലം എന്നത്തേക്കു പൂർത്തിയാക്കാൻ കഴിയുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി കരുതുന്നത്?

ശ്രീ. കെ. പങ്കജാക്ഷൻ: കേന്ദ്രത്തിൽനിന്നു കഴിഞ്ഞ രണ്ടുമൂന്നു വർഷങ്ങളായിട്ടാണ് നമുക്ക് അധികമായി തുക ലഭിച്ചുതുടങ്ങിയത്. 1978-79-ൽ 295 ലക്ഷം രൂപ ലഭിച്ചപ്പോൾ 1979-80-ൽ 350 ലക്ഷം രൂപ നമുക്കനുവദിച്ചിട്ടുണ്ട്. കൂടുതൽ തുക ആവശ്യമായിവരുന്നമുറയ്ക്ക് സമ്മർദ്ദം ചെലുത്താറുണ്ട്. പൂർണ്ണമായി നാമാവശ്യപ്പെടുന്ന തോതിൽ തുക ലഭിക്കുന്നില്ലെങ്കിലും തീരെ നമ്മുടെ സംസ്ഥാനത്തെ ഇക്കാര്യത്തിൽ അവഗണിച്ചിട്ടുണ്ടെന്നു പറയാൻ കഴിയുകയില്ല. ഇവിടെ പറഞ്ഞിട്ടുള്ള പാലങ്ങളുടെ പണി നടന്നുകൊണ്ടിരിക്കുകയാണ്. വളപട്ടണം പാലത്തിൻെറ കാര്യത്തിൽ, 13 സ്പാനുകൾ ഉള്ളതിൽ 11 നെറയും പണി തീർന്നിട്ടുണ്ട്. രണ്ട് ലോംഗ് സ്പാനുകളുടെ പണി നടന്നുകൊണ്ടിരിക്കുകയാണ്. പാലത്തിൻെറ പണി ഈ സാമ്പത്തികവർഷം അവസാനം തന്നെ പൂർത്തിയാകുമെന്നാണ് ഗവൺമെൻറ് കരുതുന്നത്.

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: വളപട്ടണം പാലത്തിൻെറ അപ്രോച്ച് റോഡിന് അനുവദിച്ച സംഖ്യ പരിമിതമായതുകൊണ്ടാണ് അതിൻെറ പ്രവർത്തനം മുമ്പോട്ടുപോകാത്തത് എന്നാണ് ജനസംസാരം. അതുകൊണ്ട് ഇതിനുവേണ്ടി കൂടുതൽ സംഖ്യ അനുവദിച്ചുകൊണ്ട് പണി മുമ്പോട്ടു കൊണ്ടുപോകുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പങ്കജാക്ഷൻ: വളപട്ടണം പാലത്തിൻെറ അപ്രോച്ച് റോഡിൻെറ പണിക്കാവശ്യമായ തുക അനുവദിച്ചിട്ടുണ്ട്.

ശ്രീ. കെ. സുകുമാരനുണ്ണി: പണി പൂർത്തിയായ റോഡുകളുടെ ഭാഗത്തുതന്നെ പല കുണ്ടും കുഴികളുമുണ്ടെന്നുള്ളത് ഇവിടെനിന്നും പാലക്കാടുവരെ സഞ്ചരിക്കുമ്പോൾ കാണാൻ കഴിയും. അത് പരിഹരിക്കുവാൻ വല്ല നിർദ്ദേശവും ഗവൺമെൻറ് നൽകുമോ, എൻ. എച്ച്. റോഡിന് ബൈപ്പാസുറോഡ് ഒല്ലൂരും പാലക്കാട്ടും തുടങ്ങുവാൻ വേണ്ട നടപടി സ്വീകരിക്കുമോ, അതിന് ഉദ്ദേശമുണ്ടോ?

ശ്രീ. കെ. പങ്കജാക്ഷൻ: റോഡുകളുടെ പലഭാഗത്തും കുണ്ടും കുഴിയും ഉണ്ടെന്നുള്ളത് സത്യമാണ്. നമ്മുടെ മെയിൻറനൻസിന് ലഭ്യമാകുന്ന തുക കണക്കിലെടുത്തുകൊണ്ട് അടിയന്തിരനടപടി സ്വീകരിക്കുന്നതിന് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ കഴിഞ്ഞ ഏതാനും മാസങ്ങളായി ടാർ ലഭ്യമാകാതിരുന്നതുകൊണ്ട് കൃത്യസമയത്ത് പണി എറ്റെടുക്കുവാനും റോഡ് മെച്ചപ്പെടുത്തുവാനും കഴിയാതെ വന്നിട്ടുണ്ട്. ഇതിൻമേൽ വേണ്ട സമ്മർദ്ദം ചെലുത്തി ടാർ ലഭ്യമാക്കുന്നതിന് ഒരു പരിധിവരെ നമുക്ക്

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞിട്ടുണ്ട്. ബൈപ്പാസിന്റെ കാര്യം പറഞ്ഞതിൽ ഒല്ലൂരിൽ ഒബൈപ്പാസ് ഇല്ല. തൃശൂരും ചാലക്കുടിയിലും ബൈപ്പാസ് അനുവദിച്ചിട്ടുണ്ട്. പൊന്നും‌വില നടപടികളും ഇനിയും പൂർത്തിയായിട്ടില്ല. ആ നടപടികളും ത്വരിതപ്പെടുത്തുവാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. എത്രയും ആഴ്ചകൾക്കകംതന്നെ ഭൂമി ലഭ്യമാകുമെന്നാണ് കരുതുന്നത്. ബൈപ്പാസുകളുടെ ചെലവിനാവശ്യമായ പണം കേന്ദ്രഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്.

ശ്രീ. കെ. ചന്ദ്രശേഖരൻ: എൻ. എച്ച്. 17 ന് ഈ സാമ്പത്തികവർഷത്തിൽ (1979–80) ബൈപ്പാസ് പണിയുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. പങ്കജാക്ഷൻ: വടകര ബൈപ്പാസിന്റെ എസ്റ്റിമേറ്റിന് അനുമതി നൽകിയിട്ടുണ്ട്. ടെണ്ടർചെയ്യാനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. തലശ്ശേരി–മാഹി ബൈപ്പാസിനുവേണ്ടി ഈ സാമ്പത്തികവർഷത്തിൽ ഒരു ചെറിയ തുക ഉൾക്കൊള്ളിച്ചിട്ടുണ്ട്. കോഴിക്കോട് ബൈപ്പാസിന് അനുമതി പ്രതീക്ഷിക്കുകയാണ്. ഈ പഞ്ചവൽസരപദ്ധതിയിൽ ഉൾക്കൊള്ളിക്കാമെന്ന ഉറപ്പ് ലഭിച്ചിട്ടുണ്ട്.

ശ്രീ. കെ. സുകുമാരനുണ്ണി: എൻ. എച്ച്. റോഡിന്റെ പണി ഏറ്റെടുത്ത ഒട്ടുവളരെ കോൺട്രാക്ടർമാർ ആ പണി ഉപേക്ഷിച്ചുപോയിയെന്ന് കേൾക്കുന്നുണ്ട്. അപ്രകാരം പണി ഉപേക്ഷിച്ചുപോയ കോൺട്രാക്ടർമാരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ, ആ പണി പിന്നീട് ഏറ്റെടുക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. പങ്കജാക്ഷൻ: എൻ. എച്ച്. റോഡിന്റെ പണി ഏറ്റെടുത്തിരുന്ന കരാറുകാരിൽ ചിലർ ഉപേക്ഷിച്ചുപോയിട്ടുണ്ട്. എന്നാൽ ഇപ്പോൾ അത്ര വ്യാപകമായ തോതിൽ ഉപേക്ഷിച്ചുപോകുന്നില്ല. ഉപേക്ഷിച്ചുപോയ പാലക്കാട്–വാളയാർ ഭാഗത്തെ പണി സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷനെക്കൊണ്ട് നിർവ്വഹിച്ചിട്ടുണ്ട്.

ശ്രീ. പി. ശങ്കർ: എൻ. എച്ച്. ന്റെ മെയിന്റനൻസ് അടക്കമുള്ള കാര്യങ്ങൾക്ക് പ്രത്യേക എസ്റ്റിമേറ്റ് ഉണ്ടാക്കി കേന്ദ്രത്തിൽ പോയി സാംഗ്ഷൻ വാങ്ങിയാൽ മാത്രമേ പ്രവർത്തിക്കുവാൻ കഴിയുകയുള്ളൂ. അങ്ങനെയാണെങ്കിൽ മെയിന്റനൻസ് അടക്കമുള്ള കാര്യങ്ങളെങ്കിലും കേന്ദ്രത്തിൽപോയി അംഗീകാരം വാങ്ങാതെ നടത്തത്തക്കവിധത്തിൽ മാറ്റം വരുത്താൻ ശ്രമിച്ചുകൂടേ, ഇല്ലെങ്കിൽ റോഡിൽ യാത്രചെയ്യാൻ പറ്റാത്ത പരിതഃസ്ഥിതി ഉണ്ടാകും.

ശ്രീ. കെ. പങ്കജാക്ഷൻ: ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം ഒരു നല്ല നിർദ്ദേശമാണ്. പലതവണയും കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. പക്ഷെ ഈ പണികൾക്കാവശ്യമായ പണം കേന്ദ്രത്തിൽ നിന്നും ലഭ്യമാകുമ്പോൾ ആ പണം ചെലവഴിക്കുന്നതിനെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അനുവാദവും അവരല്ല, മറ്റാരെങ്കിലും നൽകണമെന്നു പറഞ്ഞാൽ അവർ സമ്മതിക്കുകയില്ല.

ശ്രീ. എം. വി. ഗംഗാധരൻ: വളരെക്കാലംമുമ്പ്, പരേതനായ ടി. കെ. ദിവാകരൻ തറക്കല്ലിട്ട പുതുപ്പൊന്നാനി പാലത്തിന്റെ പണി ഇതേവരെ നടന്നിട്ടില്ല. അതിന് എന്താണ് കുഴപ്പമെന്ന് വിശദീകരിക്കാമോ?

ശ്രീ. കെ. പങ്കജാക്ഷൻ: പുതുപ്പൊന്നാനിപ്പാലം നാഷണൽ ഹൈവേയുടെ ഭാഗമായിരുന്നില്ല. എന്നാൽ പിന്നീട് പുതുപ്പൊന്നാനിപ്പാലം നാഷണൽ ഹൈവേയായി പ്രഖ്യാപിച്ചുകഴിഞ്ഞപ്പോൾ നേരത്തേ പണിതുടങ്ങിയി

LIBRARY ARCHIVES Kerala Legislative Assembly

രുന്ന പാലത്തിന്റെ രൂപത്തിലും ഭാവത്തിലും മാറ്റം വരുത്തിയിട്ടുണ്ട്. കേന്ദ്രഗവൺമെന്റ് അംഗീകരിച്ച പണി തുടങ്ങുവാനുള്ള എൻ്റർപ്പാട് ചെയ്തുന്നുണ്ട്. ടെണ്ടർ വിളിച്ചിട്ട് കരാറുകാർ മുമ്പോട്ടുവരാത്തതുകൊണ്ട് സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിക്കുന്നതിന് ഗവൺമെന്റ് വിചാരിക്കുകയാണ്.

ശ്രീ. എൻ. സുബ്രഹ്മണ്യഷേണായ്: എൻ. എച്ച്. 47 ന്റെ സഹോദരിയാണ് എൻ. എച്ച്. 17. വളപട്ടണം പാലത്തിന്റെ പണിയോടുകാണിക്കുന്ന അവഗണന മലബാർകാരോട് കാണിക്കുന്ന ഒരവഗണനയാണ്. അതുകൊണ്ട് എൻ. എച്ച്. 17 ന് വേണ്ടത്ര ബൈപ്പാസ് റോഡുകളും ഏറ്റെടുത്ത് പണി തുടങ്ങുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പങ്കജാക്ഷൻ: പാലക്കാട് ജില്ലയും തൃശ്ശൂർ ജില്ലയും പഴയ തിരുവിതാംകൂറിന്റെ ഭാഗങ്ങളാണെന്നു കരുതുന്നില്ല. പഴയ മലബാറിന്റെ ഭാഗമാണ് പാലക്കാട്. പഴയകൊച്ചിയുടെ ഭാഗമാണ് തൃശ്ശൂർ. ഈ പ്രദേശങ്ങളിൽ കൂടി നാഷണൽ ഹൈവേ കടന്നു പോകുന്നു. തിരുവനന്തപുരവും തൃശ്ശൂരും പാലക്കാടുമെല്ലാം തന്നെ കേരളത്തിന്റെ ഭാഗങ്ങളായി ഒന്നുപോലെ കണ്ടുകൊണ്ടാണ് നടപടികളും സ്വീകരിച്ചിട്ടുള്ളത്. അല്ലാതെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചപോലെ പ്രാദേശിക ചിന്താഗതിയോ പക്ഷപാതമോ ഒന്നും തന്നെ കാണിച്ചിട്ടില്ല.

ശ്രീ. എ. വി. താമരാക്ഷൻ: ആലപ്പുഴ ബൈപ്പാസിനു വേണ്ട സ്ഥലമെടുത്തിട്ട് നാലഞ്ചുവർഷത്തോളമായി. ഈ ബൈപ്പാസിനുവേണ്ട സാമ്പത്തികസഹായം കേന്ദ്രഗവൺമെന്റിൽ നിന്നും അനുവദിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിന്റെ പണി എന്നേയ്ക്കു പൂർത്തിയാകുമെന്നു പറയാമോ ?

ശ്രീ. കെ. പങ്കജാക്ഷൻ: ആലപ്പുഴ ബൈപ്പാസിന്റെ നിർമ്മാണത്തിനാവശ്യമായ പ്രാഥമിക അംഗീകാരം കേന്ദ്രഗവൺമെന്റിൽ നിന്നും ലഭിച്ചിട്ടുണ്ട്. പൊന്നും വില നടപടികളും ത്വരിതപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഔദ്യോഗികമായ അംഗീകാരം കേന്ദ്രഗവൺമെന്റിൽ നിന്നും പ്രതീക്ഷിക്കുകയാണ്.

ശ്രീ. എം. വി. രാഘവൻ: എൻ. എച്ച്. 17-ന്റെ പ്രവർത്തികളൊന്നും തന്നെ നടക്കുന്നില്ല. പയ്യന്നൂർ-കാസർകോട് ഭാഗങ്ങളിലുള്ള വളവ് നിവർത്തി അപകടങ്ങളൊഴിവാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ, വളപട്ടണം പാലത്തിന്റെ അപ്രോച്ച് റോഡിന്റെ പണിതീർക്കുന്നതിന് ഒരു കൊല്ല മെങ്കിലും എടുത്തെന്നുവരും. അതു കൊണ്ട് അത്രയും കാലതാമസമുണ്ടാകാതിരിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. പങ്കജാക്ഷൻ: ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായത്തെ ഞാൻ നിഷേധിക്കുന്നു. ഇപ്പോഴുള്ള എൻ. എച്ച്-17, 1973-ഓടുകൂടി മാത്രമാണ് നാഷണൽ ഹൈവേയായി തീരുമാനിച്ചത്. അതിനുശേഷം പ്രത്യേകിച്ചു കഴിഞ്ഞ മൂന്നു വർഷക്കാലത്തിനിടയിൽ വളരെകൂടുതൽ പണി ഏറ്റെടുത്തിട്ടുണ്ട്; കൂടുതൽ പണിക്ക് അംഗീകാരം നേടുകയും ചെയ്തിട്ടുണ്ട്. മലബാർഭാഗത്തെ അവഗണിക്കുന്നു, അവിടെ വേണ്ടത്ര പണികളൊന്നും നടത്തുന്നില്ലായെന്നുള്ള അഭിപ്രായപ്രകടനം വെറും അടിസ്ഥാനരഹിതമാണ്, ഞാൻ അതിൽ അമർഷം രേഖപ്പെടുത്തുന്നു. എൻ. എച്ച്. 47 എന്നു പറയുന്നത് വളരെ മുൻപുമുതലേ പാലക്കാട്ടു നിന്നും തുടങ്ങി തൃശ്ശൂർ വഴി എറണാകുളം വഴി കടന്നുവരുന്ന ഒന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ എൻ. എച്ച്. 17-ൽ പുതിയ പണികൾ ഏറ്റെടുക്കുവാൻ തീരുമാനിക്കുകയും ഏറ്റെടുത്ത പണികൾ നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. വളപട്ടണം പാലത്തിന്റെ കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചു. വളപട്ടണം പാലത്തിന്റെ നിർമ്മാണ പ്രവർത്തികൾ ത്വരിതപ്പെടുത്തുവാൻ ഉദ്യോഗസ്ഥൻമാർ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ആ കാര്യത്തിൽ ഉദ്യോഗസ്ഥൻമാരെ അഭിനന്ദിക്കുവാനും എനിക്ക് മടിയില്ല. നിർദ്ദിഷ്ട സമയത്തിനുള്ളിൽ നേരത്തെ സൂചിപ്പിച്ചതുപോലുള്ള നടപടികൾ എടുക്കുന്നതാണ്.

വളവുതിരിവുകൾ തീർക്കുന്നതിനെക്കുറിച്ച് ഇവിടെ പറഞ്ഞു. കുറേവളവുകളെങ്കിലും വേണമെന്ന സൂചനയാണ് ലഭിച്ചിട്ടുള്ളത്. പിന്നെ കഴിയുന്നത്ര കൊടിയവളവുകളാണെങ്കിൽ അത് നിവർക്കുവാൻ വേണ്ടി പ്രയത്നിക്കുന്നതാണ്.

പ്രൊ. പി. കെ. ഗോപാലകൃഷ്ണൻ: എൻ. എച്ച്. 17-ൽ കോട്ടപ്പുറം പാലത്തിന്റെ ശിലാസ്ഥാപനം നടന്നിട്ട് ഒരു വർഷമായി. ചേറ്റുവാ പാലത്തെ സംബന്ധിച്ചു തർക്കമില്ലാതെ കാര്യങ്ങൾ പുരോഗമിക്കുകയായിരുന്നു. ഈ രണ്ട് പാലങ്ങളുടെയും പ്രവർത്തനം ഏതു ഘട്ടത്തിലിരിക്കുന്നുവെന്ന് പറയാമോ ?

പ്രൊ. കെ. പങ്കജാക്ഷൻ: ഈ നടപടികൾ പൂർത്തിയാക്കുന്നതിന് മുമ്പ് കല്ല് ഇടുന്ന ഏർപ്പാടിന് പലരും സമ്മർദ്ദം ചെലുത്താറുണ്ട്. ഞാൻ അതിനോട് വിയോജിക്കുന്നവനാണ്. അവസാനം ഇട്ടകല്ല് പ്രമാണിമാർ മാറ്റിയിട്ട ചരിത്രമുണ്ട്. കോട്ടപ്പുറം പാലത്തിന്റെ കാര്യത്തിൽ അങ്ങനെയൊരു അവസ്ഥ സംജാതമായി. ഏതായാലും അതിന്റെ നടപടികൾ പൂർത്തിയായി കഴിഞ്ഞിട്ടുണ്ട്. കേന്ദ്രഗവൺമെൻറിന്റെ ഇക്കണോമിക്കൽ ഫൈനാൻസ് സെല്ലിന്റെ അംഗീകാരത്തിനായി എസ്റ്റിമേറ്റ് സമർപ്പിച്ചു കഴിഞ്ഞിട്ടുണ്ട്. ഏതാനും ആഴ്ചകൾക്കുള്ളിൽ ആ എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചു പണി ടെൻഡർ ചെയ്യാൻ കഴിയുമെന്ന് വിശ്വസിക്കുന്നു.

പ്രൊ. പി. ബി. ആർ. പിള്ള: നാഷണൽ ഹൈവേയുടെ പണി പൂർത്തീകരിക്കുന്നതിനുള്ള സഹായത്തിൽ അപര്യാപ്തതയുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. പൊൻമുടിയിൽ നിന്ന് ആരംഭിച്ച ഹിൽ ഹൈവേയ്ക്കുള്ള പരിപാടി ലോകബാങ്കിന്റെ സഹായത്തോടുകൂടി ആരംഭിക്കാൻ പോകുന്നുവെന്നുള്ള സൂചന മന്ത്രിയുടെ ഭാഗത്തു നിന്നുണ്ടായി. ഇരുന്നൂറുകോടി രൂപയുടെ ചെലവ് വരുന്ന പദ്ധതി ആണെന്നാണ് അറിയുന്നത്. ഈ ഹിൽഹൈവേ എന്നത്തേയ്ക്ക് നടപ്പിൽവരും. അതു സംബന്ധിച്ച് എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

പ്രൊ. കെ. പങ്കജാക്ഷൻ: ഇത് മറ്റൊരു ചോദ്യമാണ്. ഹിൽഹൈവേയുടെ ഇൻവെസ്റ്റിഗേഷൻ നടപടി പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്, 90 കോടി രൂപ ചെലവ് വരുമെന്ന് കരുതപ്പെട്ടതാണ്. അതിൽ കൂടുതലാകാതിരിക്കാൻ നിർവ്വാഹമില്ല. ഈ പഞ്ചവത്സരപദ്ധതിയിൽ ഹിൽഹൈവേയുടെ നിർമ്മാണപ്രവർത്തനത്തിനായി മൂന്നുകോടി രൂപ നീക്കിവച്ചിട്ടുണ്ട്. പക്ഷെ പ്ലാനിങ്ങ് കമ്മീഷന്റെ അവസാനമായ അംഗീകാരം ലഭിച്ചതിനുശേഷം മാത്രമേ ഏറ്റെടുക്കാൻ കഴിയുകയുള്ളു. ഇൻവെസ്റ്റിഗേഷൻ നടപടി പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സിറിയക് ജോൺ: കോഴിക്കോട്—മൈസൂർ റോഡ് നാഷണൽ ഹൈവേയായി ഉയർത്തണമെന്ന് ഈ സഭയിൽ തന്നെ വളരെ ശക്തിയായ അഭിപ്രായമുണ്ടായി. ഗവൺമെൻറ് തത്വത്തിൽ അത് അംഗീകരിച്ചിട്ടുള്ളതാണ്. അതെപ്പറ്റി കേന്ദ്രഗവൺമെൻറിനോട് ശുപാർശ ചെയ്തിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതെസംബന്ധിച്ചിടത്തോളം കേന്ദ്രഗവൺമെൻറിൻെറ സമീപനം എന്താണ് ? എം. സി. റോഡ് നാഷണൽ ഹൈവേയാക്കി ഉയർത്തുന്നതിനുള്ള ഉദ്ദേശമുണ്ടായിരുന്നു. ആ കാര്യത്തെസംബന്ധിച്ച് ഗവൺമെൻറ് എന്തു നിലപാടാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ശ്രീ. കെ. പങ്കജാക്ഷൻ: കോഴിക്കോട്—മൈസൂർ റോഡ് കേന്ദ്ര ഗവൺമെൻറിൻെറ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടില്ല. ആലങ്കോട്-മൈസൂർ എന്ന സംസ്ഥാനാന്തര റോഡ് സി. ആർ. എഫ്. പദ്ധതിയിൽ ഉൾക്കൊള്ളിക്കണമെന്നാണ് സംസ്ഥാനഗവൺമെൻറ് ആവശ്യപ്പെട്ടിട്ടുണ്ട്. എം. സി. റോഡ് കേന്ദ്രഗവൺമെൻറിൻെറ പരിഗണനയ്ക്കായി സമർപ്പിച്ചെങ്കിലും അത് അംഗീകരിക്കുന്ന അവസ്ഥയിൽ അല്ല.

ശ്രീ. ലോനപ്പൻ നമ്പാടൻ: പാലം വലിക്കുന്ന മന്ത്രി ഗവൺമെൻറിൽ ഇരിക്കുന്നതുകൊണ്ടാണ് പല പാലങ്ങളുടെയും പണി സ്തംഭിച്ചിരിക്കുന്നതെന്ന് കേൾക്കുന്നത് ശരിയാണോ ?

ശ്രീ. കെ. പങ്കജാക്ഷൻ: വലിക്കുന്നതിന് സഹായകമായി എന്റേതായ എന്തെങ്കിലും നടപടി വേണമെങ്കിൽ എനിക്ക് വിരോധമില്ല. ആരേയും ആ രീതിയിൽ വലിക്കാൻ അനുവദിക്കുന്നത് ശരിയല്ലെന്നാണ് എൻെറ അഭിപ്രായം.

ശ്രീ. സേവ്യർ അറയ്ക്കൽ: എൻ. എച്ച്. പോലെ നീണ്ടുപോകുന്ന ഉത്തരമാണ് ബഹുമാനപ്പെട്ട മന്ത്രിയിൽ നിന്ന് കിട്ടുന്നത്. എടുക്കുന്ന പണിപോലും ശരിയ്ക്ക് നടത്താൻ കോൺട്രാക്ടർമാർ വരുന്നില്ല. കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിക്കുന്ന പണി നടക്കുന്നില്ല, ചേന്ദമംഗലം കോട്ടപ്പുറം പാലത്തേയ്ക്കുള്ള ബൈപ്പാസ് ഏറ്റെടുത്ത് നടത്തുന്നതിന് ആരും മുന്നോട്ടുവരുന്നില്ല എന്നുള്ള വിവരം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ? ഈ വക കാര്യങ്ങളും പരിഹരിക്കുന്നതിനായി എന്തു നടപടിയാണ് ഗവൺമെൻറ് എടുക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ശ്രീ. കെ. പങ്കജാക്ഷൻ: കരാറുകാർ ഒന്നും വരുന്നില്ല, പണി ഒന്നും നടക്കുന്നില്ല, റോഡിൽക്കൂടി ആളുകളും സഞ്ചരിക്കുന്നില്ല എന്നൊക്കെ എന്ത് ഉദ്ദേശത്തോടുകൂടിയാണ് ബഹുമാനപ്പെട്ട മെമ്പർ പറയുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതെല്ലാം തെറ്റാണെന്ന് പറയാൻ ഞാൻ തുനിയുന്നില്ല. കൂടെകൂടി അവധാനതയോടുകൂടി നടക്കുന്ന പണികളെപ്പറ്റി സൗമനസ്യത്തോടെ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. ആർ. ശിവൻ: മന്ത്രിസഭയേയും കേരളാകോൺഗ്രസ്സിനേയും ബന്ധിപ്പിക്കുന്ന ഒരു പാലത്തെക്കുറിച്ച് പത്രവാർത്തയുണ്ടായിരുന്നു. ആ പാലത്തിൻെറ ഇപ്പോഴത്തെ സ്ഥിതി എന്താണ്, ഗതാഗതയോഗ്യമാണോ എന്ന് വ്യക്തമാക്കുമോ?

(ഉത്തരം പറഞ്ഞില്ല)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. ശങ്കരൻകുട്ടി: നാഷണൽ ഹൈവേയുടെ മെയിൻറനൻസും വളവുതീർക്കലും പാലംപണിയും ബൈപ്പാസ് നിർമ്മിക്കലും എല്ലാം പ്രത്യേകം പണിയായി കാണാതെ നാഷണൽഹൈവേയുടെ പൊതുവായ സമഗ്രവികസനത്തിനുവേണ്ടിയുള്ള ഒരു പദ്ധതി ആവിഷ്ക്കരിച്ച് സെൻട്രൽ റോഡ്സ് ഫണ്ടിൽനിന്ന് പണം വാങ്ങിക്കുന്നതിനുവേണ്ടി ശ്രമിക്കുമോ? ഒരു സമഗ്രപദ്ധതിയായിട്ട് പണം അലോട്ട് ചെയ്തു പ്രവർത്തനം ഏറ്റെടുക്കുമോ?

ശ്രീ. കെ. പങ്കജാക്ഷൻ: നാഷണൽഹൈവേയുടേതായാലും സെൻട്രൽ റോഡ്സ് ഫണ്ടിൽപെട്ടപണികൾക്കായാലും കേന്ദ്രഗവൺമെൻറിൽ അവരുടേതായ വർക്ക്ഷെഡ്യൂളിൽ പ്രത്യേകം പ്രവർത്തി എടുത്തുകാണിച്ച് അതിനു തുക നീക്കിവയ്ക്കുന്നതാണ്. നാഷണൽഹൈവേ പദ്ധതിയിൽ ഇന്നറോഡ് ഇത്ര കിലോമീറ്ററെന്നും ഇന്ന പാലമെന്നും ഇന്ന പാലത്തിൻറെ അപ്രോച്ച്റോഡെന്നും പ്രത്യേകമായി ചൂണ്ടിക്കാണിച്ച് വകയിരുത്താനേ കഴിയുകയുള്ളൂ.

ശ്രീ. കെ. സി. വാമദേവൻ: നാഷണൽഹൈവേയുടെ ഭാഗമായ തിരുവനന്തപുരം ബൈപ്പാസിനുവേണ്ടിയുള്ള ഭൂമിയെടുക്കൽ നടപടി സ്റ്റാഫിൻറെ അപര്യാപ്തതകൊണ്ട് കാലതാമസപ്പെടുന്നുവെന്ന പരാതിയുണ്ട്. ഈ നടപടി അടിയന്തിരമായി നടപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പങ്കജാക്ഷൻ: സ്റ്റാഫിൻറെ അപര്യാപ്തതയെപ്പറ്റി പരാതികൾ എന്നും ലഭിക്കാറുണ്ട്. ഒരുകാലത്തും ആ പരാതികൾക്ക് പൂർണ്ണമായും പരിഹാരം കണ്ടെത്താൻ കഴിയുമെന്ന് തോന്നുന്നില്ല. നാമെല്ലാം മൽസരിച്ച് മൽസരിച്ച് സ്റ്റാഫിൻറെ കാര്യത്തിൽ അപര്യാപ്തതയുണ്ടാക്കുന്നവരാണ്.

ശ്രീ. ഇ. അഹമ്മദ്: ബഹുമാനപ്പെട്ടമന്ത്രി വളപട്ടണം പാലത്തിൻറെ പണി ഒരുവർഷംകൊണ്ട് പൂർത്തിയാകുമെന്നും ആ കാര്യത്തിൽ സജീവമായി ശ്രദ്ധിക്കുന്ന എൻജിനീയർമാരെ അഭിനന്ദിക്കുന്നുവെന്നുമൊക്കെ പറഞ്ഞു. പക്ഷെ ആ പാലം പൂർത്തിയാക്കിയാലും ചിറയ്ക്കൽഭാഗത്തുനിന്നുള്ള അപ്രോച്ച്റോഡ് പൂർത്തിയാക്കാത്തതുമൂലം മറവിൽതിരിവ് ഉണ്ടാകുമെന്നുള്ളകാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? ആ കാര്യത്തിൽ ശ്രദ്ധപതിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. പങ്കജാക്ഷൻ: ചിറയ്ക്കൽ പാലത്തിൻറെ വളവിനെപ്പറ്റി എനിക്ക് വ്യക്തമായി അറിയില്ല. അതേപ്പറ്റി അന്വേഷിച്ചതിനുശേഷം മറുപടി പറയാം.

(ചോദ്യം 49 ചോദിച്ചില്ല)

ബാംബു കോർപ്പറേഷൻ തൊഴിലാളികളുടെ സമരം

* 46 [50] ശ്രീ. ടി. കെ. രാമകൃഷ്ണൻ:

,, എ. പി. കുര്യൻ:

,, എം. വി. രാഘവൻ:

,, ടി. കെ. അബ്ദു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വേന നിർമ്മാണവും വകുപ്പ്മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാംബു കോർപ്പറേഷൻറെ കീഴിൽ പണിയെടുക്കുന്ന ഈറ്റവെട്ട്-പനമ്പുനെയ്ത്ത് തൊഴിലാളികളുടെ സമരം അവസാനിപ്പിക്കുവാൻ ഗവൺമെൻറ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

LIBRARY ARCHIVES Kerala Legislative Assembly